വിശുദ്ധരെ അറിയാൻ അനുകരിക്കാൻ

വിശ്വാസപരിശീലന പാഠാവലി ഉപപാഠപുസ്തകം

# Std. 5

## 1. വിശുദ്ധ ഫ്രാൻസിസ് അസീസി

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | വി.ഫ്രാൻസിസ് അസീസി ജനിച്ച സ്ഥലം ഏത്? | ഇറ്റലിയിലെ അസീസി എന്ന ചെറു നഗരത്തിൽ |
| 2 | വി.ഫ്രാൻസിസ് അസീസി ജനിച്ചത് എന്നാണ്? | 1182 സെപ്തംബർ 26 ന് |
| 3 | വി.ഫ്രാൻസിസ് അസീസിയുടെ മാതാപിതാക്കൾ ആരായിരുന്നു? | പട്ടുവസ്ത്രവ്യാപാരിയായ പീറ്റർ ബർണാഡും, ഫ്രഞ്ചുകാരിയായ പിക്കാപ്രഭിയും |
| 4 | പുൽത്തൊഴുത്തിൽ ജനിക്കാൻ ഭാഗ്യം ലഭിച്ച വിശുദ്ധൻ? | വി.ഫ്രാൻസിസ് അസീസി |
| 5 | വി.ഫ്രാൻസിസ് അസീസിക്ക് ആദ്യം നൽകിയ പേര്? | ജോൺ ബാപ്ററിസ്റ്റ് |
| 6 | വി.ഫ്രാൻസിസ് അസീസിക്ക് പിതാവ് നൽകിയ പേര്? | ഫ്രാൻസിസ് |
| 7 | സമ്പത്ത് ദൈവം തരുന്നതാണെന്നും അതിൽ ഒരോഹരി ഇല്ലാത്തവർക്ക് കൊടുക്കണമെന്നും ഫ്രാൻസിസിനെ ആദ്യം പഠിപ്പിച്ചത് ആരായിരുന്നു? | അമ്മ പിക്കാ പ്രഭി |
| 8 | 14–ാം വയസ്സിൽ ഫ്രാൻസിസിന് കൂട്ടുകാർ നൽകിയ പേര് | യുവരാജൻ |
| 9 | അസീസിക്കാർക്കു വേണ്ടി ഫ്രാൻസിസ് യുദ്ധത്തിനു പോയത് എന്ന് | 1201 ൽ |
| 10 | ഫ്രാൻസിസ് രണ്ടാമത്തെ യുദ്ധത്തിനുവേണ്ടി സൈനിക ക്യാമ്പിൽ തയ്യാറായി ഇരുന്നപ്പോൾ രാത്രി അവനു ലഭിച്ച ദർശനം എന്തായിരുന്നു? | “ആരെ സേവിക്കുന്നതാണ് ഉത്തമം? യജമാനനേയോ? ഭൃത്യനെയോ” |
| 11 | ഫ്രാൻസിസ് സൈനീക ക്യാമ്പിലെ ദർശനത്തിൽ കേട്ട ചോദ്യത്തിന് നൽകിയ ഉത്തരം എന്ത്? | “യജമാനനെ സേവിക്കുന്നതാണ് ഉത്തമം”. മനുഷ്യനേക്കാൾ ദൈവത്തെ സേവിക്കുന്നതു തന്നെ നല്ലത്. |
| 12 | ഫ്രാൻസിസ് തനിക്കു ലഭിച്ച ദർശനത്തിലെ ചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ ദൈവസ്വരം എന്തായിരുന്നു? | അങ്ങനെയെങ്കിൽ വീട്ടിലേക്കു മടങ്ങു. എന്തു ചെയ്യണമെന്ന് അവിടെ ചെല്ലുമ്പോൾ അറിയിക്കാം. |
| 13 | “എല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക” എന്ന ബൈബിൾ വാക്യം ജീവിതത്തിൽ ഫ്രാൻസിസ് അനുഭവിച്ചറിഞ്ഞു. എപ്പോൾ? | റോമിൽ സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ മുമ്പിൽ താവളമടിച്ചിരുന്ന ഭിക്ഷക്കാരെ കണ്ടപ്പോൾ ഫ്രാൻസിസ് തന്റെ പണസഞ്ചി തുറന്ന് പണം മുഴുവൻ അവർക്കായി വീതിച്ചുകൊടുത്തു. ഒന്നും കിട്ടാത്തവർ കൈ നീട്ടിയപ്പോൾ ഫ്രാൻസിസ് തന്റെ പട്ടുവസ്ത്രങ്ങൾ ഊരി നൽകി. ഒരിക്കൽ അദ്ദേഹം ഒരു യാചകനു തന്റെ വസ്ത്രങ്ങൾ നലകിയിട്ട് അയാളുടെ കീറക്കുപ്പായം വാങ്ങി ധരിച്ചു. വേഷം കൊണ്ടൊരു യാചകൻ, കയ്യിൽ ചില്ലിപ്പൈസയില്ല. നല്ല വിശപ്പ്, അസീസിയിൽ തിരിച്ചെത്തണം. പിച്ചക്കാരിൽ ഒരുവനായി അവൻ പള്ളിമുറ്റത്തിരുന്ന് കൈനീട്ടി. ചിലർ കുറെ തുട്ടുകൾ ഇട്ടുകൊടുത്തു. അപ്പോൾ “എല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക” എന്ന ബൈബിൾ വാക്യം ജീവിതത്തിൽ ഫ്രാൻസിസ് അനുഭവിച്ചറിഞ്ഞു. |
| 14 | റോമ തീർത്ഥാടനത്തിനുശേഷം അസീസിയിലെ ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ കേട്ട ദൈവസ്വരം എന്താണ്? | നിനക്കു വെറുപ്പുള്ളവയെ സന്തോഷത്തോടെ സ്വീകരിക്കണം. |

| No. | ചോദ്യം | ഉത്തരം |
| --- | --- | --- |
| 15 | കുഷ്ഠരോഗിയുടെ വേഷത്തിൽ ഈശോ ഫ്രാൻസിസിന്റെ അടുത്തേക്കു വന്ന സംഭവം വിവരിക്കുക. | ഒരു ദിവസം ഫ്രാൻസിസ് വഴിയരികിൽ ഇരിക്കുന്ന കുഷ്ഠരോഗിയെ കണ്ടു. പഴുത്തൊലിക്കുന്ന വ്രണങ്ങൾ കണ്ടപ്പോൾ അവൻ സ്ഥലം വിട്ടു. പെട്ടെന്നാണ് ദൈവസ്വരം ഓർമ്മയിൽ വന്നത്. അവൻ തിരിച്ചുവന്ന് ആ കുഷ്ഠരോഗിയെ കെട്ടിപ്പിടിച്ചു. കുറച്ചു നാണയങ്ങൾ പാത്രത്തിലിടുകയും ചെയ്തു. തിരിച്ചു നടന്ന ഫ്രാൻസിസ് തിരിച്ചുനോക്കിയപ്പോൾ അവിടെ ആരുമില്ല. കുഷ്ഠരോഗിയുടെ വേഷത്തിൽ വന്നത് ഈശോയാണെന്ന് അവന് മനസ്സിലായി. |
| 16 | സാൻഡമിയാനോ പള്ളിയിലും സമീപത്തുള്ള വനത്തിലുമായി കഴിച്ചുകൂട്ടിയ ഫ്രാൻസിസ് കേട്ട ദൈവസ്വരം എന്തായിരുന്നു. | "എന്റെ ദേവാലയം പുതുക്കിപ്പണിയുക" |
| 17 | "ഞാൻ സന്യസിക്കാൻ പോകുകയാണ്. എനിക്ക് അപ്പന്റെ സ്വത്തിൽ ഒന്നും വേണ്ട" എന്ന് ഫ്രാൻസിസ് പറഞ്ഞതെപ്പോൾ? | സാൻഡമിയാനോ പള്ളി പണിക്കു വേണ്ടി കടയിലെ പട്ടുവസ്ത്രങ്ങൾ എടുത്ത് വിറ്റ പണം വികാരിയച്ചനെ ഫ്രാൻസിസ് ഏൽപിച്ചു. പീറ്റർ ബർണാർഡ് അരമന കോടതിയിൽ കേസു കൊടുത്തപ്പോൾ തർക്കത്തിലിക്കുന്ന പണം പള്ളിക്കു വേണ്ടെന്നു മെത്രാനച്ചൻ തീർപ്പു കൽപ്പിച്ചു. അവിടെ വച്ച് ഫ്രാൻസിസ് അറിയിച്ച തീരുമാനമാണിത്. |
| 18 | സാൻഡമിയാനോ പള്ളി പണിക്കുവേണ്ടി എന്തു വേണമെന്നാണ് അസീസി നഗരത്തിലെ കവലകളിൽ പോയി ഫ്രാൻസിസ് ചോദിച്ചത്? | കല്ല് |
| 19 | 1208 ഫെബ്രുവരി 24–ന് കുർബാനയിൽ സംബന്ധിക്കുകയായിരുന്ന ഫ്രാൻസിസിനെ വല്ലാതെ സ്പർശിച്ച സുവിശേഷഭാഗം ഏത്? | "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു നിങ്ങൾ പ്രസംഗിക്കുവിൻ. നിങ്ങളുടെ അരപ്പട്ടയിൽ സ്വർണ്ണമോ, വെള്ളിയോ, ചെമ്പോ കരുതി വയ്ക്കരുത്. യാത്രയ്ക്ക് ഭാണ്ഡമോ രണ്ടുടുപ്പുകളോ ചെരുപ്പോ വടിയോ കൊണ്ടുപോകരുത്." (മത്തായി 10:7–10) |
| 20 | 1208 ഫെബ്രുവരി 24–ാം തീയതി കുർബാന കഴിഞ്ഞ് പുറത്തിറങ്ങിയ ഫ്രാൻസിസ് ചെരിപ്പ് ഉപേക്ഷിക്കുകയും ബെൽററിനു പകരം കയർ കെട്ടി സന്ന്യാസിയാകുവാൻ തീരുമാനിക്കുകയം ചെയ്തതിനു ശേഷം നഗരത്തിലെത്തി ചെയ്ത പ്രസംഗത്തിന്റെ തുടക്കം എന്തായിരുന്നു? | കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ |
| 21 | ജീവിതം തന്നെ സുവിശേഷമാക്കി മാറ്റാനും സുവിശേഷമനുസരിച്ചു ജീവിക്കാനും തീരുമാനിച്ച ഫ്രാൻസിസിന്റെ സംഘത്തിന്റെ പേര് എന്ത്? | ദരിദ്രസഹോദരസംഘം |
| 22 | ദാരിദ്ര്യം പ്രധാനവൃതമായി സ്വീകരിച്ച ദരിദ്ര സഹോദര സംഘത്തിന് ഫ്രാൻസിസ് നൽകിയ പുതിയ പേര് എന്ത്? | നിസ്സാര സഹോദങ്ങളുടെ സഭ (ഫ്രാൻസിസ്കൻ ഒന്നാം സഭ) |
| 23 | എന്തുകൊണ്ടാണ് ഫ്രാൻസിസ് പൗരോഹിത്യം സ്വീകരിക്കാതിരുന്നത്? | ദാരിദ്ര്യം വരിച്ച വിനീത ശുശ്രൂഷകനായിരുന്നതിനാൽ ഫ്രാൻസിസ് പൗരോഹിത്യം സ്വീകരിച്ചില്ല. |
| 24 | ഫ്രാൻസിസിന്റെ സന്യാസജീവിതത്തിൽ ആകൃഷ്ടയായി ഫ്രാൻസിസിന്റെ സഹകരണത്തോടെ സ്ത്രീകൾക്കായി ക്ലാര സ്ഥാപിച്ച സന്യാസ സഭ ഏത്? | ഫ്രാൻസിസ്കൻ രണ്ടാം സഭ |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 25 | സന്യാസജീവിതം കൂടാതെ ഫ്രാൻസിസിനെ അനുകരിക്കാൻ ശ്രമിച്ചവർക്കായി 1210 ൽ സ്ഥാപിച്ച സഭ ഏത്? | ഫ്രാൻസിസ്കൻ മൂന്നാം സഭ |
| 26 | "കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ" എന്നു തുടങ്ങുന്ന പ്രാർത്ഥന രചിച്ചത് ആര്? | വി. ഫ്രാൻസിസ് അസീസി |
| 27 | ക്രിസ്തുമസ് ക്രിബിനു തുടക്കം കുറിച്ചത് ആര്? | വി.ഫ്രാൻസിസ് അസീസി |
| 28 | ഫ്രാൻസിസ് കാൽവരി സന്ദർശിച്ചതിനു ശേഷം ആരംഭിച്ച പ്രാർത്ഥന ഏത്? | കുരിശിന്റെ വഴി |
| 29 | ക്രിസ്തുവിന്റെ സുവിശേഷം ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിച്ച ഫ്രാൻസിസിനു ലഭിച്ച അപരനാമം എന്ത്? | രണ്ടാമത്തെ ക്രിസ്തു |
| 30 | ജീവിതകാലത്ത് ക്രിസ്തുവിന്റെ അഞ്ചു തിരുമുറിവുകൾ (പഞ്ചക്ഷതങ്ങൾ) ശരീരത്തിൽ ഏറ്റുവാങ്ങുകയും അനേകം രോഗികളെ സുഖപ്പെടുത്തുകയും ചെയ്ത വിശുദ്ധൻ ആര്? | വി.ഫ്രാൻസിസ് അസീസി |
| 31 | പ്രകൃതിയെയും ജീവജാലങ്ങളെയും ദൈവസൃഷ്ടികളെന്ന നിലയിൽ സഹോദരങ്ങളായി കണക്കാക്കുകയും പക്ഷികളോടും മൃഗങ്ങളോടും പ്രസംഗിക്കുകയും ചെയ്ത വിശുദ്ധൻ ആര്? | വി.ഫ്രാൻസിസ് അസീസി |
| 32 | എല്ലാം സൃഷ്ടിച്ച ദൈവത്തെ സ്തുതിക്കുന്ന "സൂര്യകീർത്തനം" എഴുതിയത് ആര്? | വി.ഫ്രാൻസിസ് അസീസി |
| 33 | ദാരിദ്ര്യത്തെ സ്വയം വരിച്ച ദൈവത്തിന്റെ കുഞ്ഞു ദരിദ്രൻ ആരായിരുന്നു? | വി.ഫ്രാൻസിസ് അസീസി |
| 34 | മരണത്തെ സോദരി എന്നു വിളിച്ച് സ്വാഗതം ചെയ്ത വിശുദ്ധൻ ആര്? | വി.ഫ്രാൻസിസ് അസീസി |
| 35 | പുൽത്തൊഴുത്തിൽ ജനിക്കുകയും മരണസമയത്ത് തന്റെ വസ്ത്രങ്ങൾ അഴിച്ചു മാറ്റി തറയിൽ കിടത്തുവാൻ ആവശ്യപ്പെടുകയും ചെയ്ത വിശുദ്ധൻ ആര്? | വി.ഫ്രാൻസിസ് അസീസി |
| 36 | വി.ഫ്രാൻസിസ് അസീസിയുടെ മരണം എന്നായിരുന്നു? | 1226 ഒക്ടോബർ 3–ാം തീയതി |
| 37 | ഫ്രാൻസിസിനെ വിശുദ്ധനായി പ്രഖ്യാപിച്ചത് എന്ന്? | 1228 ജൂലൈ 28–ാം തീയതി ഗ്രഗറി ഒമ്പതാമൻ മാർപാപ്പ |
| 38 | ആയിരത്തിലധികം വർഷം പിന്നിട്ട കത്തോലിക്കാ സഭയെ നവീകരിച്ച് വിശുദ്ധീകരിക്കുവാൻ അയയ്ക്കപ്പെട്ട വിശുദ്ധൻ? | വി. ഫ്രാൻസിസ് അസീസി |
| 39 | വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനം: | ഒക്ടോബർ 4 |
| 40 | വി. ഫ്രാൻസിസ് അസീസിയുടെ പുണ്യവചനം: | കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ. |
| 41 | വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സന്ദേശം: | സുവിശേഷത്തിലേക്കു മടങ്ങുക. സുവിശേഷത്തിന് അനുസൃതം ജീവിക്കുക. |

ശ്രദ്ധിക്കുക: പുസ്തകം വായിച്ചതിനുശേഷമാണ് ചോദ്യോത്തരങ്ങൾ പഠിക്കേണ്ടത്. ചോദ്യത്തിൽ ഉത്തരവും ഉത്തരത്തിൽ ചോദ്യവും ഒളിഞ്ഞിരിപ്പുണ്ട്. പുസ്തകത്തിന്റെ സംഗ്രഹം ചോദ്യോത്തരത്തിൽ നിന്നും ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ചോദ്യവും ഉത്തരവും മനസ്സിലാക്കി പഠിക്കണം. എന്നാലേ ചോദ്യം ഏതു രൂപത്തിൽ വന്നാലും ഉത്തരം എഴുതുവാൻ സാധിക്കുകയുള്ളു.